ഹദീസ്

സഊദ് ഉമരി, മുത്തനൂർ

# കുടുംബ ബന്ധം വിഛേദിക്കൽ അതീവ ഗുരുതരം

عَنْ عَبْدالله بْن عمر رَضِي الله عَنْه قَالَ ، قَالَ رَسُولُ اللهِ صلَّى اللهُ عَلَيه وسَلَّم : الرَّحِمُ شُجْنَةٌ مِنَ الرَّحمنِ فَمَنْ وَصَلَها وَصَلَهُ اللَّهُ وَمَنْ قَطَعَها قَطَعَهُ اللَّهُ (الترمذى) قال ابُو عيسى: هَذا حَدِيث حَسن

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽനിന്ന്. റസൂൽ (സ) പറഞ്ഞു: 'കുടുംബബന്ധം ചേർക്കൽ കാരുണ്യവാനിൽ നിന്നുത്ഭവിച്ചതാണ്. അത് വിളക്കിച്ചേർക്കുന്നവനെ അല്ലാഹു ചേർത്തു നിർത്തും. അത് അറുത്തെറിയുന്നവനെ അല്ലാഹുവും അറുത്തെറിയും' (തിർമിദി).**

ഹദീസിൽ പറഞ്ഞ 'ശുജ്നത്ത്' എന്ന വാക്കിന് ചില്ല, ഭാഗം എന്നൊക്കെയാണർഥം. ദൈവം തമ്പുരാൻ കുടുംബത്തെയും കുടുംബബന്ധത്തെയും സ്വന്തത്തോട് ചേർത്തു നിർത്തുകയാണ് ഇവിടെ ചെയ്യുന്നത്. 'റഹിം' (ഗർഭപാത്രം) എന്ന വാക്കിൽ നിന്നുത്ഭവിച്ച, അപാരമായ ദയയെയും കാരുണ്യത്തെയും കുറിക്കുന്ന 'റഹ്മാൻ' എന്ന വിശേഷണം ദൈവം സ്വന്തം പേരായി സ്വീകരിച്ചു. അത് കുടുംബബന്ധങ്ങളിൽ വഴിഞ്ഞൊഴുകണം എന്നാണ് ലോകരക്ഷിതാവിന്റെ തീരുമാനം. 'റഹിം' എന്ന വാക്ക് ഗർഭപാത്രത്തെ കുറിക്കുന്നതാകയാൽ അത് മാതാവുമായി ബന്ധപ്പെടുത്തിയേ പറയാനാവൂ. സ്നേഹ, വാത്സല്യ സാഗരമാണല്ലോ ഓരോ മാതാവും.

കുടുംബബന്ധങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് പരലോകവിജയത്തിന് അനിവാര്യമാണ്. അത് വിഛേദിക്കുന്നതാകട്ടെ മോശമായ പരിണതിക്ക് കാരണമാവുകയും ചെയ്യുന്നു. ഇഹപരവിജയങ്ങൾക്ക് കുടുംബ ബന്ധങ്ങൾ സ്നേഹമസൃണമായി നിലനിർത്തുകയല്ലാതെ മറ്റൊരു മാർഗമില്ല.

അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാനുള്ള പാലമായും കുടുംബബന്ധം പുലർത്തലിനെ പരിചയപ്പെടുത്തിയിരിക്കുന്നു. 'ആരെങ്കിലും കുടുംബബന്ധം പുലർത്തിയാൽ ഞാനും അവനുമായി ബന്ധം സ്ഥാപിക്കും. ആരെങ്കിലും ബന്ധം മുറിച്ചാൽ ഞാനും അവനുമായി ബന്ധം മുറിക്കും' (അബൂദാവൂദ്) എന്ന് ഖുദ്സിയായ ഹദീസിൽ വന്നിരിക്കുന്നു.

ജുബൈറു ബ്നു മുത്ഇം റസൂലിന്റെ ഒരു പ്രസ്താവന ഉദ്ധരിക്കുന്നു: 'ബന്ധങ്ങൾ മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല' (ബുഖാരി, മുസ്‌ലിം). കുടുംബ ബന്ധം പുലർത്താത്ത ഒരാളെങ്കിലും ഉണ്ടെങ്കിൽ ആ കുടുംബത്തിൽ ദൈവത്തിന്റെ ദയാവായ്പ് പെയ്തിറങ്ങുകയില്ല എന്ന് ബൈഹഖിയുടെ റിപ്പോർട്ടിൽ കാണാം.

അബൂഹുറൈറയിൽനിന്ന്: നബി(സ) പറഞ്ഞു: 'നിങ്ങളുടെ കുടുംബബന്ധം ചേർക്കാൻ സഹായമാകുന്നവരുടെ പരമ്പര പഠിക്കുക. അത് ചാർച്ചയെ ചേർക്കാനും കുടുംബത്തിൽ സ്നേഹം വളർത്താനും സമ്പത്ത് വർധിക്കാനും ആയുർദൈർഘ്യത്തിനും ഇടയാക്കും' (തിർമിദി).

ഇക്കാലത്ത് ചില കുടുംബങ്ങൾ അവരുടെ ഊരും പേരും ചികഞ്ഞന്വേഷിച്ച് കുടുംബസംഗമങ്ങൾ നടത്താറുണ്ട്. മേൽ നബിവചനത്തിന്റെ അടിസ്ഥാനത്തിൽ അത് നല്ലതു തന്നെ. അകൽച്ചയുടെ കെട്ട കാലത്ത് അടുക്കാനും അടുത്തറിയാനും അത് ഏറെ ഉപകരിക്കും. പ്രയാസപ്പെടുന്ന കുടുംബാംഗങ്ങളെ കണ്ടറിഞ്ഞ് കൈപ്പിടിച്ചുയർത്താനും ഇതിലൂടെ സാധിക്കും. പേരിനും പ്രകടനപരതക്കുമുള്ളതായി ഇത്തരം സംഗമങ്ങൾ മാറാതിരിക്കാനും ശ്രദ്ധിക്കണം. ദാനധർമങ്ങളിൽ കുടുംബാംഗങ്ങളെ പരിഗണിക്കുന്നത് എത്രയും നല്ല കാര്യം. തിരുമേനി(സ) പറയുന്നു: 'പാവങ്ങൾക്ക് ദാനം ചെയ്യുന്നത് സ്വദഖ തന്നെ. എന്നാൽ കുടുംബക്കാർക്കാകുമ്പോൾ അത് ദാനം മാത്രമല്ല, കുടുംബബന്ധം ചേർക്കൽ കൂടിയാവും. അതു മുഖേന രണ്ട് പ്രതിഫലം ലഭിക്കും' (തിർമിദി).

അബൂത്വൽഹ തന്റെ ഒരു തോട്ടം ദാനം ചെയ്യാൻ തയാറായപ്പോൾ തിരുമേനി (സ) പറഞ്ഞു: 'ഈ തോട്ടം നിങ്ങളുടെ കുടുംബങ്ങളിൽ ദാനം ചെയ്യുന്നതാവും ഗുണകരം. അങ്ങനെ അബൂത്വൽഹ ആ തോട്ടം തന്റെ കുടുംബത്തിലും പിതൃസഹോദരങ്ങളിലും വീതം വെച്ചു' (ബുഖാരി, മുസ്‌ലിം).

അലി(റ) പറഞ്ഞു: 'ഇരുപത് ദിർഹം ദാനം ചെയ്യുന്നതിനേക്കാൾ ഉത്തമമായി ഞാൻ കരുതുന്നത് എന്റെ സഹോദരങ്ങളിൽ ആരോടെങ്കിലും കുടുംബ ബന്ധം ചേർക്കുന്നതിനെയാണ്.' കുടുംബം എന്ന് പറയുമ്പോൾ മാതാപിതാക്കളൊത്ത കുടുംബങ്ങൾ മാത്രമല്ല, അകന്ന കുടുംബങ്ങളും ഉൾപ്പെടും.

എല്ലാ ഇബാദത്തുകളേക്കാളും കുടുംബബന്ധത്തിന് സവിശേഷതയുണ്ട്. താബിഈ പണ്ഡിതൻ അംറുബ്നു ദീനാർ പറയുന്നു: 'ഇബാദത്തുകൾക്ക് ഒരുങ്ങുന്നതിനേക്കാളും പ്രതിഫലാർഹമാണ് ബന്ധം ചേർക്കാനായി ഒരുങ്ങിപ്പുറപ്പെടൽ.'

സിലത്തുർറഹ്മി(കുടുംബബന്ധം ചേർക്കൽ)ന്റെ നേർവിപരീതമാണ് 'ഖത്ഉർറഹം'; അഥവാ കുടുബബന്ധം മുറിക്കൽ. ഹാഫിള് ഇബ്നു ഹജർ (റ) എഴുതുന്നു: 'കുടുംബബന്ധം മുറിക്കുന്നവൻ ദൈവത്തിന്റെ ദയാവായ്പിൽനിന്ന് അകറ്റപ്പെടുകയും തഴയപ്പെടുകയും ചെയ്യപ്പെട്ടേക്കും. അവനുള്ള ശിക്ഷ പരലോകത്തെത്തും മുമ്പെ തന്നെ ലഭിക്കും.' അബൂഹുറൈറ(റ) പറയുന്നു: 'കുടുംബബന്ധം മുറിച്ചയാൾ ഞങ്ങളുടെ കൂട്ടത്തിൽനിന്ന് എഴുന്നേറ്റുപോകുമ്പോൾ ഞങ്ങൾ മനസ്സാ സന്തോഷിക്കുമായിരുന്നു.'

അബ്ദുല്ലാഹിബ്നു മസ്ഊദ് പ്രഭാതപ്രാർഥനക്കു ശേഷം ദർസെടുക്കുമ്പോൾ ഓർമപ്പെടുത്താറുണ്ട്; 'കുടുംബബന്ധം മുറിച്ചവർ ആരെങ്കിലും നമ്മുടെ ഈ സദസ്സിലുണ്ടെങ്കിൽ അവർ എഴുന്നേറ്റു പോയ്ക്കൊള്ളട്ടെ. കാരണം നാം നമ്മുടെ നാഥനോട് പ്രാർഥിക്കാൻ പോവുകയാണ്. ബന്ധം മുറിച്ചവർക്കു നേരെ ആകാശ വാതായനങ്ങൾ തുറക്കപ്പെടുകയില്ല, കാരുണ്യത്തിന്റെയും.'●